# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 488 — 18.05.2017- ൽ മറുപടിയ്ക്ക്

## <u>സഹകരണ പ്രസ്ഥാനത്തെ സാമ്പത്തിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ പദ്ധതി</u>

**<u>ചോദ്യം</u>**

**ശ്രീ. പി.ടി. തോമസ്**
**" കെ.മുരളീധരൻ**
**" ഐ.സി.ബാലകൃഷ്ണൻ**
**" അടൂർ പ്രകാശ്**

**<u>മറുപടി</u>**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സഹകരണ പ്രസ്ഥാനത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനമുൾപ്പെടെയുള്ള വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എ) ഉണ്ട്.

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി വിതരണ കേന്ദ്രങ്ങൾ എന്നിവയെല്ലാം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിന് പദ്ധതിയുണ്ട്.
- ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവേദ റിസോർട്ട് ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഡിജിറ്റൽ സംവിധാനത്തിലേക്ക് എത്തിക്കുന്നതിലേയ്ക്കായി കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
- സഹകരണ മേഖലയിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുള്ള ഉത്പന്നങ്ങളും സേവനങ്ങളും നൽകി അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണ്.
- വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്ക്കരണത്തിനും കമ്പ്യൂട്ടർവത്ക്കരണത്തിനും സഹായം നൽകുന്നതാണ്.

.........2

- സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്ക്കരണം ലക്ഷ്യമിട്ടിട്ടുണ്ട്.
- 2017-18 വർഷത്തിൽ സുവർണ്ണം സ്റ്റോർ എന്ന പദ്ധതി ആരംഭിക്കുന്നതിനായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.
- 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി)

- മിതമായ നിരക്കിൽ ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനായി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു.
- കേപ്പിന് സംസ്ഥാന പദ്ധതി പ്രകാരം ഗ്രാന്റും, അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നും തുക നൽകിവരുന്നു.
- ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ എന്നിവയ്ക്കും ഇപ്രകാരം തുക നൽകിവരുന്നു.
- ദുർബല വനിതാ സഹകരണസംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനും, പ്രവർത്തന മൂലധനം അനുവദിക്കുന്നതിനും ധനസഹായം നൽകിവരുന്നു.
- ദുർബ്ബല വിഭാഗത്തിൽപ്പെട്ട വിപണനസംഘങ്ങളുടെ പുനരുദ്ധാരണം, കാർഷികമേഖലയുടെ വളർച്ച എന്നിവയ്ക്ക് സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതികൾ വഴി ധനസഹായം നൽകിവരുന്നു.
- വിപണന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന് പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾക്കുള്ള മാർജിൻമണി/ ദീർഘകാലവായ്പ-എൻ.സി.ഡി.സി പദ്ധതി വഴി നൽകിവരുന്നു.
- സംസ്ഥാന സഹകരണ യൂണിയനും, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങളും മുഖേന സഹകരണ

.........3

വിദ്യാഭ്യാസം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും ഗവേഷണം, സഹകരണ പ്രചാരണം എന്നിവയ്ക്കായും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം ഉൾപ്പെടെയുള്ള ആധുനിക വത്ക്കരണം, എന്നിവ നടപ്പിലാക്കിവരുന്നു.
- കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന ധനസഹായ പദ്ധതിയും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമും നടപ്പാക്കിവരുന്നു.

സി) വിവിധ സഹകരണ സ്ഥാപനങ്ങളെ ഇതിനുവേണ്ടി എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി)

- ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവേദ റിസോർട്ട് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ 3.5 കിലോമീറ്റർ ദൈർഘ്യത്തിലോടുന്ന ഒരു മിനിയേച്ചർ റെയിൽവേ അഷ്ടമുടിക്കായലിനും ഗസ്റ്റ്ഹൗസിനും സമീപത്തുകൂടി നിർമ്മിച്ച് നടപ്പാക്കുന്ന പദ്ധതിയും ആലോചിച്ചുവരുന്നു.
- പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. അട്ടപ്പാടിയിൽ ഇ.എം.എസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുമായി ചേർന്ന് സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി പ്രഖ്യാപിച്ചു. എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിൽ ആയുർധാര എന്ന പേരിൽ ഉൽപ്പാദന യൂണിറ്റിന്റെ പേറ്റന്റുകൾ അടങ്ങിയ മരുന്നുകളുടെ ഉൽപ്പാദനത്തിന് സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
- കൺസ്യൂമർഫെഡ് വഴി ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി വിതരണ കേന്ദ്രങ്ങൾ എന്നിവയെല്ലാം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്താൽ ഏകോപിപ്പിച്ച് ഫലപ്രദമായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുന്നതിനും പദ്ധതിയുണ്ട്.

- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ഡിജിറ്റൽ സംവിധാനത്തിലേക്ക് എത്തിക്കുന്നതിലേക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- സംയോജിത സഹകരണ വികസന പദ്ധതി പ്രവർത്തനം പാലക്കാട്, തൃശ്ശൂർ ഇടുക്കി ജില്ലകളിൽ 2-ാം ഘട്ടം നടപ്പാക്കി സഹകരണ വികസനം സാദ്ധ്യമാക്കി സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് നടപടി ആരംഭിച്ചു. മാതൃകാ സഹകരണ സംഘങ്ങളെ കൊണ്ട് വികസന പ്രോജക്ടുകൾ ഏറ്റെടുപ്പിച്ച് സംസ്ഥാന വികസനം ത്വരിതപ്പെടുത്തും.

**സെക്ഷൻ ഓഫീസർ**